കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി
സാംസ്കാരിക വകുപ്പ്, കേരള സർക്കാർ

പത്രക്കുറിപ്പ്

31-ാമത് ഐ.എഫ്.എഫ്.കെ.: വിവിധ വിഭാഗങ്ങളിലേക്കുള്ള സിനിമകൾ തിരഞ്ഞെടുത്തു

കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിനുവേണ്ടി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 31-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ വിവിധ വിഭാഗങ്ങളിലേക്കുള്ള സിനിമകൾ സെലക്ഷൻ കമ്മിറ്റി തിരഞ്ഞെടുത്തു. ഫെസ്റ്റിവൽ നിയമാവലി പ്രകാരം രാജ്യാന്തര മത്സരവിഭാഗത്തിലേക്ക് 14 ചിത്രങ്ങളും മലയാളം സിനിമ ടുഡേ വിഭാഗത്തിലേക്ക് 12 ചിത്രങ്ങളും ഇന്ത്യൻ സിനിമ നൗ വിഭാഗത്തിലേക്ക് 7 ചിത്രങ്ങളുമാണ് തിരഞ്ഞെടുക്കപ്പെട്ടത്.

മലയാള സിനിമയുടെ രാജ്യാന്തര പ്രാതിനിധ്യം ശക്തിപ്പെടുത്താൻ 'ക്രിട്ടിക്സ് ഡിസ്കവറി'; അഞ്ച് ചിത്രങ്ങൾ തിരഞ്ഞെടുക്കും

മലയാള സിനിമയുടെ ശതാബ്ദി ആഘോഷങ്ങളിലേക്കുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി, കലാപരമായ മികവും വ്യത്യസ്തമായ ആവിഷ്കാരശൈലിയും പുലർത്തുന്ന മലയാള ചിത്രങ്ങൾക്ക് രാജ്യാന്തര തലത്തിൽ കൂടുതൽ പ്രേക്ഷകശ്രദ്ധയും അംഗീകാരവും ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പുതിയ പരിപാടിയായ 'മലയാള സിനിമ — ക്രിട്ടിക്സ് ഡിസ്കവറി' സംഘടിപ്പിക്കുന്നു.

മലയാളത്തിലെ ശ്രദ്ധേയമായതും കലാപരമായ സവിശേഷതകൾ പുലർത്തുന്നതുമായ ചിത്രങ്ങളെ രാജ്യാന്തര ചലച്ചിത്രമേഖലയിലെ പ്രമുഖർക്കും നിരൂപകർക്കും പരിചയപ്പെടുത്തുകയും അവയ്ക്ക് കൂടുതൽ അന്താരാഷ്ട്ര പ്രേക്ഷകശ്രദ്ധയും ചലച്ചിത്രമേളകളിലെ പ്രാതിനിധ്യവും ലഭ്യമാക്കുകയുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

നിലവിലുള്ള മലയാള ചലച്ചിത്ര തിരഞ്ഞെടുപ്പ് സമിതി, പ്രധാന തിരഞ്ഞെടുപ്പിൽ ഉൾപ്പെടാത്ത യോഗ്യമായ ചിത്രങ്ങളിൽനിന്ന് 11 ചിത്രങ്ങൾ നാമനിർദേശം ചെയ്യും. തുടർന്ന് മൂന്നംഗ സ്വതന്ത്ര നിരൂപകസമിതി ഈ ചിത്രങ്ങൾ വിലയിരുത്തി അഞ്ച് ചിത്രങ്ങൾ അന്തിമമായി തിരഞ്ഞെടുക്കും. കൂടാതെ മുൻഗണനാക്രമത്തിൽ രണ്ട് ചിത്രങ്ങളെ റിസർവ് പട്ടികയിലും ഉൾപ്പെടുത്തും. തിരഞ്ഞെടുപ്പിന്റെ കലാപരമായ മാനദണ്ഡങ്ങളും സമിതിയംഗങ്ങളുടെ താൽപര്യസംഘർഷം ഒഴിവാക്കുന്നതിനുള്ള നടപടികളും സുതാര്യമായി രേഖപ്പെടുത്തും.

തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് ചിത്രങ്ങൾക്കായി പ്രത്യേക പ്രദർശനങ്ങളും നിരൂപക പരിചയപ്പെടുത്തലുകളും സംഘടിപ്പിക്കും. ചിത്രങ്ങളുടെ സംവിധായകരുമായും മറ്റ് ചലച്ചിത്രപ്രവർത്തകരുമായും സംവാദങ്ങൾക്കും അവസരമൊരുക്കും. അന്താരാഷ്ട്ര ചലച്ചിത്രമേളകളിലെ പ്രോഗ്രാമർമാർ, ചലച്ചിത്ര നിരൂപകർ, മറ്റ് പ്രമുഖ ചലച്ചിത്രപ്രവർത്തകർ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതുവഴി മലയാളത്തിലെ മികച്ച സിനിമകളെ രാജ്യാന്തര തലത്തിൽ കൂടുതൽ പരിചയപ്പെടുത്തുന്നതിനും അവയുടെ കലാപരമായ സവിശേഷതകൾ ആഗോള പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനും അവസരമൊരുങ്ങും.

പുതിയ പരിപാടി നിലവിലുള്ള ചലച്ചിത്രമേളയുടെ വിഭാഗങ്ങളെയും തിരഞ്ഞെടുപ്പ് സംവിധാനത്തെയും ബാധിക്കാത്ത രീതിയിലായിരിക്കും നടപ്പാക്കുക. നിലവിലുള്ള മലയാളം സിനിമ ടുഡേ വിഭാഗത്തിലെ 12 ചിത്രങ്ങളും അന്താരാഷ്ട്ര മത്സരവിഭാഗത്തിലേക്ക് ശുപാർശ ചെയ്ത രണ്ട് മലയാള ചിത്രങ്ങളും മാറ്റമില്ലാതെ തുടരും. പുതിയ പരിപാടിയുടെ ഔദ്യോഗിക നാമം 'ക്രിട്ടിക്സ് ഡിസ്കവറി' എന്നായിരിക്കും. ഇതിൽ തിരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങളെ ഐ.എഫ്.എഫ്.കെ.യുടെ നിലവിലുള്ള മത്സരവിഭാഗങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പായോ അവാർഡ് യോഗ്യതയായോ കണക്കാക്കില്ല. ആദ്യവർഷം പ്രത്യേക മത്സരപുരസ്കാരവും ഏർപ്പെടുത്തുന്നില്ല.

ചിത്രങ്ങളുടെ പ്രദർശനസ്വഭാവം, പ്രവേശനനിയന്ത്രണം, പ്രീമിയർ സംബന്ധിച്ച പരിഗണനകൾ, പ്രചാരണരീതി തുടങ്ങിയവ വ്യക്തമാക്കിക്കൊണ്ട് ബന്ധപ്പെട്ട അവകാശികളിൽനിന്ന് രേഖാമൂലമുള്ള സമ്മതം നേടിയ ശേഷമായിരിക്കും ചിത്രങ്ങൾ ഉൾപ്പെടുത്തുക. പരിപാടിയിൽ തിരഞ്ഞെടുക്കപ്പെടുന്നത്

ഐ.എഫ്.എഫ്.കെ.യിലേക്കുള്ള ഔദ്യോഗിക ക്ഷണമോ മറ്റ് പ്രദർശനാവസരങ്ങളോ ഉറപ്പുനൽകുന്നതല്ല.

തിരഞ്ഞെടുക്കപ്പെട്ട ചിത്രങ്ങളിൽ ഏതെങ്കിലും പിൻവാങ്ങുന്ന സാഹചര്യമുണ്ടായാൽ, ആവശ്യമായ അനുമതികളും സാങ്കേതിക പരിശോധനകളും പൂർത്തിയാക്കി റിസർവ് പട്ടികയിലെ മുൻഗണനാക്രമത്തിലുള്ള ചിത്രം പകരം ഉൾപ്പെടുത്തും. സമയപരിമിതി മൂലം ഇത് സാധ്യമാകാത്ത പക്ഷം ലഭ്യമായ ചിത്രങ്ങളുമായി പരിപാടി നടത്തും.

നിലവിലുള്ള ചലച്ച സിനിമകളുടെ കലാപരമായ മികവ് രാജ്യാന്തര തലത്തിൽ അവതരിപ്പിക്കാനും അവയ്ക്ക് കൂടുതൽ പ്രേക്ഷകശ്രദ്ധയും അംഗീകാരവും നേടിക്കൊടുക്കാനും സഹായിക്കുന്ന ഒരു സവിശേഷ വേദി സൃഷ്ടിക്കുക എന്നതാണ് 'മലയാള സിനിമ — ക്രിട്ടിക്സ് ഡിസ്കവറി'യിലൂടെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ലക്ഷ്യമിടുന്നത്.ച്ചിത്രമേളയുടെ പ്രദർശനക്രമത്തെ ബാധിക്കാത്ത വിധത്തിൽ അധികമായി ലഭ്യമായ പ്രദർശനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയായിരിക്കും പരിപാടി ക്രമീകരിക്കുക. ആവശ്യമായ പ്രൊഫഷണൽ പങ്കാളിത്തം, ചുമതലാവിഭജനം, ചെലവുകണക്ക്, ഭരണപരവും സാമ്പത്തികവുമായ അനുമതികൾ എന്നിവ ഉറപ്പാക്കിയശേഷം പദ്ധതി നടപ്പാക്കും. പരിപാടി പൂർത്തിയായി 60 ദിവസത്തിനകം ഇതിന്റെ നടത്തിപ്പും ഫലപ്രാപ്തിയും വിലയിരുത്തുന്ന റിപ്പോർട്ടും സമർപ്പിക്കും.

മലയാള സിനിമയുടെ ശതാബ്ദിയിലേക്ക് കടക്കുന്ന വേളയിൽ, പ്രാദേശികമായി ശ്രദ്ധിക്കപ്പെടുന്ന മികച്ച സിനിമകൾക്ക് രാജ്യാന്തര ചലച്ചിത്ര വ്യവസായവുമായി നേരിട്ടുള്ള ബന്ധങ്ങൾ സ്ഥാപിക്കാനും പുതിയ വിപണന-വിതരണ സാധ്യതകൾ കണ്ടെത്താനും സഹായിക്കുന്ന ഒരു പ്രൊഫഷണൽ വേദി സൃഷ്ടിക്കുക എന്നതാണ് 'മലയാള സിനിമ — ക്രിട്ടിക്സ് ഡിസ്കവറി'യിലൂടെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ലക്ഷ്യമിടുന്നത്.